# വക്കം അബ്ദുൽഖാദറിന്റെ ഓർമ

ഡോ. എൻ.എ. കരീം

അറിയപ്പെടുന്നവരും അല്ലാത്തവരുമായ പണ്ഡിതരുടെയും ബുദ്ധിജീവികളുടെയും നൂതനാശയങ്ങൾ പുതിയ എഴുത്തുകാർക്ക് പ്രചോദനവും പുതിയ പരീക്ഷണങ്ങൾക്ക് പ്രേരകവുമായിത്തീരുന്നു. സാഹിത്യത്തിലെ അത്തരം യുഗസ്രഷ്ടാക്കളായ മനീഷികളെ മറക്കുന്നത് കൃതഘ്നതയായിരിക്കും. തങ്ങളുടെ ക്ലേശകരമായ പഠനങ്ങളിലൂടെയും തീവ്രമനനങ്ങളിലൂടെയും ഒരിക്കലും പ്രചാരം നേടാനിടയില്ലാത്ത മൗലിക പ്രാധാന്യമുള്ള ഗ്രന്ഥങ്ങളുടെ രചനകളിലൂടെയും വിവർത്തനങ്ങളിലൂടെയും അവർ പുതിയ സർഗാത്മക സാഹിത്യകാരന്മാർക്ക് പാതയൊരുക്കുന്നു.

ആധുനിക മലയാള സാഹിത്യത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഈ സത്യം മനസ്സിലാകും. വൈവിധ്യപൂർണമല്ലാത്ത, പാരമ്പര്യബന്ധിതമായ കവിതാ രൂപങ്ങളുടെ മാത്രം സർവാധിപത്യത്തിൽ കഴിഞ്ഞിരുന്ന മലയാള സാഹിത്യത്തിന് വളർന്നുപന്തലിക്കുവാൻ സഹായകമായ രൂപത്തിൽ പുത്തൻകൊടികൾക്ക് ഏത്തങ്ങൾ കെട്ടിക്കൊടുത്തത് കേസരി ബാലകൃഷ്ണപിള്ള, കുറ്റിപ്പുഴ കൃഷ്ണപിള്ള, എം.പി. പോൾ, വക്കം അബ്ദുൽ ഖാദർ, എം. ഗോവിന്ദൻ തുടങ്ങിയവരായിരുന്നു.

സാഹിത്യരംഗം കൂടുതൽ വിപുലമായതോടെ പണ്ടു സാമാന്യേന അവഗണിക്കപ്പെട്ടിരുന്ന ഇക്കൂട്ടരിൽ പലർക്കും മുൻനിരയിൽ സ്ഥാനം ലഭിച്ചുതുടങ്ങിയിരിക്കുന്നു. അവരുടെ എണ്ണവും പ്രാധാന്യവും വർധിച്ചിട്ടുണ്ട്. ഇത് മലയാള സാഹിത്യത്തിന്റെ വളർച്ചയെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രതീക്ഷാവഹമാണ്. എങ്കിലും അവരുടെ പൂർവഗാമികളുടെ പരിശ്രമങ്ങളെ വേണ്ടത്ര മനസ്സിലാക്കുകയോ വിലയിരുത്തുകയോ ചെയ്തിട്ടില്ല. കേസരിയുടെയും എം.പി. പോളിന്റെയും സംഭാവനകളെ ഇടക്കിടെ അനുസ്മരിക്കാറുണ്ടെങ്കിലും അവരുടെ ആരുടെയും സേവനങ്ങളെ മലയാള സാഹിത്യത്തിന്റെ വളർച്ചയുടെ സാഹചര്യത്തിൽ സാകല്യമായി പരിശോധിച്ചിട്ടില്ല. അന്നത്തേയും പിൽക്കാലത്തേയും പല സർഗാത്മക സാഹിത്യകാരന്മാരും പ്രത്യക്ഷമായോ പരോക്ഷമായോ അവരുടെ ആശയങ്ങളിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് രചനകൾ നിർവഹിച്ചവരാണ്. ഇതിൽ കേസരി ദീർഘകാലം ഒരു ഒറ്റയാൻ സാഹിത്യ അക്കാദമി തന്നെയായിരുന്നു. ദശലക്ഷക്കണക്കിന് ഉറുപ്പിക ചെലവ് ചെയ്ത് നമ്മുടെ അക്കാദമികൾ നടത്തുന്നതിനേക്കാൾ ഫലപ്രദമായ വലിയ സാഹിത്യ സേവനം ആ കൃശഗാത്രനും നിത്യരോഗിയുമായ ഒറ്റ മനുഷ്യൻ വായിച്ചും എഴുതിയും ഉപദേശിച്ചും തലമുറകൾക്ക് നൽകിയിട്ടുണ്ട്.

എന്നാൽ, ഈ വർഗത്തിലെ പഴയ തലമുറയിൽപ്പെട്ടവരിൽ പൊതുവെ വിസ്മരിക്കപ്പെട്ടുപോയ ഒരാളാണ് വക്കം എം. അബ്ദുൽ ഖാദർ. കേസരി ബാലകൃഷ്ണപിള്ള തന്നെ അബ്ദുൽ ഖാദറിന്റെ ഈ ദിശയിലുള്ള സേവനങ്ങളെ വളരെയധികം വിലമതിച്ചിരുന്നു. മലയാളത്തിലെ ആൽഡസ് ഹക്സലി എന്നാണ് ഒരിക്കൽ അദ്ദേഹം അബ്ദുൽ ഖാദറിനെ വിശേഷിപ്പിച്ചത്. വിജ്ഞാനത്തിന്റെ സമസ്ത മേഖലകളും ഒരേ സമയം വെട്ടിപ്പിടിക്കുവാൻ ശ്രമിച്ച ആളായിരുന്നു അബ്ദുൽ ഖാദർ. അദ്ദേഹത്തിന്റെ ജ്ഞാനതൃഷ്ണക്കും അതിരില്ലായിരുന്നു. സാഹിത്യത്തിലെ താൽപര്യം അദ്ദേഹത്തെ തത്വചിന്തയിലേക്കും സാമൂഹിക പഠനത്തിലേക്കും നയിച്ചു. സാഹിത്യത്തിൽ തന്നെ മലയാളത്തിന്റെ അതിർത്തികൾ കടന്നു വിശ്വസാഹിത്യത്തിന്റെ വിശാലമായ മേഖലകളിൽ വളരെക്കാലം അദ്ദേഹം മേഞ്ഞുനടന്നു. താൻ വായിച്ച ഗ്രന്ഥങ്ങളുടെ നിരൂപണപരമായ ആസ്വാദനവും അവതരണവുമാണ് അദ്ദേഹത്തിന്റെ കൃതികളിൽ പലതിലും കാണുന്നത്.

ഇന്നത്തെപ്പോലെ വിശ്വ സാഹിത്യകാരന്മാരെയും അവരുടെ കൃതികളെയും കുറിച്ച് സാധാരണക്കാർക്കുപോലും വാങ്ങി വായിക്കാൻ കഴിയുന്ന വില കുറഞ്ഞ പേപ്പർബാക്ക് പതിപ്പുകൾ ഇല്ലാതിരുന്ന ഒരു കാലത്ത്, കേസരിയും വക്കം അബ്ദുൽ ഖാദറുമാണ് ശ്രദ്ധേയരായ അവരിൽ പലരേയും മലയാള വായനക്കാർക്ക് പരിചയപ്പെടുത്തിക്കൊടുത്തത്. അരനൂറ്റാണ്ടുകാലത്തെ ഏകാഗ്രചിത്തനായുള്ള അബ്ദുൽ ഖാദറിന്റെ സാഹിത്യ സപര്യയുടെ ഫലമായി മലയാളത്തിന് ലഭിച്ച കൃതികളുടെ വിഷയവൈവിധ്യം നോക്കിയാൽതന്നെ അദ്ദേഹത്തിന്റെ താൽപര്യങ്ങളുടെ വൈപുല്യം മനസ്സിലാവുന്നതാണ്.

ചെറുപ്പത്തിൽതന്നെ സർഗാത്മക സാഹിത്യത്തിനും വൈജ്ഞാനിക സാഹിത്യത്തിനുമിടയിൽ നിലയുറപ്പിച്ച് ഇരുമേഖലകളുടെയും പോഷണത്തിനുവേണ്ടി വക്കം അബ്ദുൽ ഖാദർ നിരന്തരമായി ചെയ്ത സേവനങ്ങൾ മരിക്കുന്നതുവരെ ആവേശത്തോടുകൂടി തുടർന്നു. ദാരിദ്ര്യവും രോഗവും അദ്ദേഹം കൂസിയിരുന്നില്ല. അക്കാലത്ത് ജീവിച്ചിരുന്ന എല്ലാ സാഹിത്യകാരന്മാരുമായി അദ്ദേഹത്തിന് അടുത്ത സുഹൃദ്ബന്ധമാണുണ്ടായിരുന്നത്. മഹാകവി ജി. ശങ്കരക്കുറുപ്പ്, എസ്.കെ. പൊറ്റക്കാട്, വൈക്കം മുഹമ്മദ് ബഷീർ, എൻ.വി. കൃഷ്ണവാരിയർ എന്നിവർ അബ്ദുൽ ഖാദറുമായി അവർക്കുണ്ടായിരുന്ന ആത്മബന്ധം വികാരവായ്പോടെ അനുസ്മരിച്ചിട്ടുണ്ട്.

കവിത, കഥ, നാടകം എന്നിവയടക്കം നിരവധി കൃതികൾ രചിച്ച അബ്ദുൽ ഖാദറിന്റെ നേട്ടങ്ങൾ സാഹിത്യ ചിന്ത, തത്വശാസ്ത്രം, നിരൂപണം, ജീവചരിത്രം, തൂലികാചിത്ര രചന എന്നീ ശാഖകളിലാണ് ഒളിമങ്ങാതെ നിൽക്കുന്നത്. തൂലികാ ചിത്രമെന്ന് പറയുന്ന രചനാരൂപം വക്കം അബ്ദുൽ ഖാദറാണ് ആദ്യമായി മലയാളത്തിൽ അവതരിപ്പിച്ചതെന്ന് കരുതുന്നു. ഇംഗ്ലീഷ് പത്രമാസികകളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന 'പ്രൊഫൈൽ' എന്ന പാർശ്വവീക്ഷണത്തിൽ നിന്ന് ഭിന്നമായി ഉള്ളടക്കത്തിൽ സമ്പന്നതയും രൂപത്തിൽ മിഴിവുമുള്ള തൂലികാ ചിത്രങ്ങളായിരുന്നു വക്കത്തിന്റേത്. മഹാശയന്മാരുടെ നിരൂപണാത്മകമായ ജീവചരിത്രങ്ങൾ രചിക്കുന്നതിലും അദ്ദേഹം മികച്ചുനിന്നു. ഒരു കവിയുടെ മാത്രം കാവ്യ കൃതികൾ ഗൗരവപൂർണമായ പഠനത്തിന് വിഷയമാക്കുന്ന മലയാളത്തിലെ ആദ്യകൃതിയെന്ന പദവി വക്കത്തിന്റെ 'ജിയും ഭാഷാ കവികളും' എന്ന പുസ്തകത്തിനവകാശപ്പെട്ടതാണ്. ഇഖ്ബാൽ, ചെക്കോവ്, ടോൾസ്റ്റോയ് തുടങ്ങിയ വിശ്രുത സാഹിത്യകാരന്മാരുടെ കൃതികളുടെ വിവർത്തനങ്ങളിലൂടെയും അദ്ദേഹം മലയാള ഭാഷയെ സമ്പന്നമാക്കി.

പത്രപ്രവർത്തനമായിരുന്നു വക്കത്തിന്റെ മറ്റൊരു വലിയ പ്രവർത്തനമേഖല. കോഴിക്കോട് നിന്ന് അന്ന് പ്രസിദ്ധീകരിച്ചിരുന്ന അൽ-അമീൻ, മാപ്പിള റിവ്യൂ, മാതൃഭൂമി എന്നിവയിൽ തുടങ്ങി കൊല്ലത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'പ്രഭാതം' വരെയുള്ള പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹം നിറഞ്ഞുനിന്നു. സ്വന്തമായി ചില പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹം നിറഞ്ഞുനിന്നു. സ്വന്തമായി ചില പ്രസിദ്ധീകരണങ്ങൾ ആരംഭിച്ചും അദ്ദേഹം തന്റെ അഭിനിവേശം പ്രകടിപ്പിച്ചു.

ജീവിതകാലം മുഴുവൻ കുടുംബത്തിന്റെ കാര്യങ്ങൾ നോക്കാതെയും കുട്ടികളുടെ വിദ്യാഭ്യാസം പോലും അവഗണിച്ച് വായനയും എഴുത്തുമായി നടന്ന വിജ്ഞാനോപാസകനായ അബ്ദുൽ ഖാദർ ദാരിദ്ര്യവും രോഗവും മൂർച്ഛിച്ച് 1976 ആഗസ്റ്റ് ഇരുപത്തിമൂന്നിന് അന്തരിച്ചു. മലയാള സാഹിത്യരംഗത്തു ഖലാസിപ്പണി ചെയ്ത ഈ ഭാഷാസ്നേഹിക്ക് അദ്ദേഹത്തിന്റെ പ്രകാശിതങ്ങളായ കൃതികളല്ലാതെ മറ്റൊരു സ്മാരകവും ഇന്നില്ല എന്നുള്ള സത്യം വളരെ വേദനാജനകമാണ്.

അര നൂറ്റാണ്ടുകാലത്തെ ഏകാഗ്രചിത്തനായുള്ള അബ്ദുൽഖാദറിന്റെ സാഹിത്യസപര്യയുടെ ഫലമായി മലയാളത്തിന് ലഭിച്ച കൃതികളുടെ വിഷയ വൈവിധ്യം നോക്കിയാൽ അദ്ദേഹത്തിന്റെ താൽപര്യങ്ങളുടെ വൈപുല്യം മനസ്സിലാക്കാം.



വക്കം അബ്ദുൽ ഖാദർ

വാരാദ്യമാധ്യമം 1996 Oct. 6